**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **2247** — **09.03.2018**-ൽ മറുപടിയ്ക്ക്

**പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഫീസ്**

| ചോദ്യം: | | മറുപടി: | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഈ വർഷം എം. ബി. ബി. എസ്/ബി. ഡി. എസ്സ് കോഴ്സിലുള്ള പട്ടികജാതി പട്ടിക വർഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകിയ തുക എത്ര; | (എ) | എം.ബി.ബി.എസ് കോഴ്സിന് പട്ടികജാതി വികസന വകുപ്പിൽനിന്നും ഈ വർഷം നാളിതുവരെ 652 വിദ്യാർഥികൾക്ക് വിദ്യാഭ്യാസാനുകൂല്യമായി 5,36,64,226 രൂപയും ബി.ഡി.എസ്. കോഴ്സിന് 204 വിദ്യാർഥികൾക്ക് വിദ്യാഭ്യാസാനുകൂല്യമായി 3,56,58110 രൂപയും വിതരണം ചെയ്തിട്ടുണ്ട്. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പിനത്തിൽ ആകെ 6,48,478/-രൂപ നൽകിയിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പ മുഖേന 32 വിദ്യാർത്ഥികൾക്ക് 1,06,96,292/-രൂപ ഈ ഇനത്തിൽ അനുവദിച്ച് നൽകിയിട്ടുണ്ട്. |
| (ബി) | ഓരോ സ്വാശ്രയ കോളേജും നിശ്ചയിച്ച ഫീസ് പട്ടികജാതി/പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്കു വേണ്ടി വകുപ്പ് അടച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) & (സി) | സ്വാശ്രയകോളേജുകൾക്ക് സർക്കാർ നിശ്ചയിച്ചിട്ടുള്ള നിരക്കിനനുസരിച്ച് ഫീസ് അനുവദിച്ചു വരുന്നുണ്ട്.<br>സ.ഉ. (പി) നം.10/2017/പജപവവിവ തീയതി 14/11/2017 പ്രകാരം നീറ്റ് വഴി എം.ബി.ബി.എസ് കോഴ്സിന് പ്രവേശനം ലഭിച്ച പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം വിദ്യാർഥികൾക്ക് വിദ്യാഭ്യാസാനുകൂല്യം അനുവദിച്ചുവരുന്നു. |
| (സി) | മറ്റുകുട്ടികളിൽ നിന്നും **5** ലക്ഷം രൂപ ഡി.ഡി. ആയി വാങ്ങിയപ്പോൾ പട്ടികജാതി പട്ടിക വർഗ്ഗ വിദ്യാർത്ഥികളിൽ നിന്നും **1000** രൂപ മാത്രമാണ് വാങ്ങിയെന്നതിനാൽ ഇവരുടെ ഫീസ് സർക്കാർ വഹിക്കുമെന്ന് പറഞ്ഞിരുന്ന കാര്യം നടപ്പിലാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ